# പാവന്നൂർ


# ALPS

[illegible]

[illegible]

# School details

| | |
|---|---|
| Name of school with school code | : Pavannoor. A.L.P.School 13841 |
| Postal Address | : Po. Pavannoormotta Kannur 670602 |
| District | : Kannur |
| Taluk | : Taliparamba |
| Block | : Irikkur |
| Panchayath | : Kuttiattoor. |
| Name of Edl. district | : Taliparamba |
| Name of sub district | : Taliparamba South |
| Pin code | : 670602 |
| Email address | : alpspavannoor@gmail.com |
| Year of Establishment | : 1913 |
| Name of Headmistress | : P.C. Lekha |
| Phone NO | : 9633860602 |
| Dise code | : 32021100223 |


കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത്
മലപ്പട്ടം
N
E
W
S
സ്കൂൾ
III
പാവന്നൂർ
പഴശ്ശി
കുറ്റ്യാട്ടൂർ
നിടുകുളം
പാവന്നൂർപ്പുഴ
മയ്യിൽ

3

# പാവന്നൂർ.എ.എൽ.പി.സ്കൂൾ
## അക്കാദമിക മാസ്റ്റർ പ്ലാൻ
### വിദ്യാലയ ചരിത്രം

കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ കുറ്റ്യാട്ടൂർ പഞ്ചായത്തിലെ മൂന്നാം വാർഡിൽ ആണ് പാവന്നൂർ ഗ്രാമം. ഇവിടുത്തെ പ്രാഥമിക വിദ്യാലയമാണ് പാവന്നൂർ.എ.എൽ.പി.സ്കൂൾ.

പുളിക്കൽ കേളോത്ത് കുഞ്ഞിരാമൻ നമ്പ്യാർ എന്ന മഹത് വ്യകതിയുടെ ഇച്ഛാശക്തിയാണ് 1911 ൽ ഈ വിദ്യാലയത്തിന്റെ പിറവിക്ക് കാരണം. പക്ഷെ 1913 ലാണ് സ്കൂളിന് അംഗീകാരം കിട്ടിയതായി കാണുന്നത്. ആദ്യം ഈ സ്കൂൾ മഠമ്പറമ്പ് എന്ന സ്ഥലത്തായിരുന്നു. പിന്നീട് പല കാരണങ്ങളാലും സ്കൂൾ സ്ഥലമാറ്റത്തിന് അപേക്ഷിച്ചതിന്റെ ഫലമായി 1943 ൽ സ്കൂൽ ഇന്ന് കാണുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചു. കുഞ്ഞിരാമൻ നമ്പ്യാർ കുറ്റ്യാട്ടൂരിലെ കൃഷ്ണൻ നമ്പ്യാർ എന്നയാൾക്ക് സ്കൂൾ കൈമാറി. അദ്ദേഹം പിന്നീട് സ്കൂളിലെ അധ്യാപകനായിരുന്ന എം.വി.കുഞ്ഞിരാമൻ നമ്പ്യാർക്ക് സ്കൂൾ മാനേജ്മെന്റ് കൈമാറി.1953 ലെ ഭയങ്കരമായ വെള്ളപ്പൊക്കത്തിൽ കെട്ടിടം നശിച്ചുപൊയതിനാൽ വീണ്ടും പുതിയ കേട്ടിടം ഉണ്ടാക്കേണ്ടി വന്നു. 1951 മുതൽ 21.3.2012 ൽ മരണപ്പേടുന്ന തുവരെ എം.വി.കുഞ്ഞിരാമൻ നമ്പ്യാറായിരുന്ന സ്കൂളിന്റെ മാനേജർ ഇപ്പോൾ അദ്ദേഹത്തിന്റെ മക്കളുടെ കയ്യിലാണ് മാനേജ്മെന്റ്. ഒരു ഷെഡിൽ ആരംഭിച്ച് ക്രമേണ കട്ടപ്പുര പിന്നീട് ഇന്ന് കാണുന്ന എടുപ്പിലേക്ക് ഉയർന്നു. കളിസ്ഥലത്തിന്റെ കുറവ്, മെച്ചപ്പെട്ട ഫർണിച്ചറിന്റെ അഭാവം എന്നിവ സ്കൂളിന്റെ ന്യൂനതയാണ്. എയ്ഡഡ് സ്കൂളായതിനാൽ സർക്കാറിന്റെയൊ മറ്റ് സ്ഥാപനങ്ങളുടെ സമ്പത്തിക സഹായം ലഭിക്കാറില്ല പാവന്നൂർ ഗ്രാമത്തിന്റെ വിദ്യാഭ്യാസത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ നെടുംതുണായി നിൽക്കാൻ ഈ വിദ്യാലയത്തിന്റെ സാധിച്ചിട്ടുണ്ട്. സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ സാഹചര്യത്തിൽ ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്.

# A.അക്കാദമിക പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | പഠനപ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | | കുട്ടികളിലെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കൽ | V | കഥയരങ്ങ്/കവിയരങ്ങ്, രചനശില്പശാല, നാടകം കളിക്കാം കവിത ചൊല്ലാം വരയ്ക്കാം | വർഷത്തിൽ രണ്ടു തവണ | അധ്യാപകർ | 5000 |
| 2 | | കുട്ടികളിൽ ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തിയെടുക്കൽ | V | മഹാന്മാരെ പരിചയപ്പെടൽ സിനിമാപ്രദർശനം ആല്ബം നിർമ്മാണം | മാസത്തിൽ ഒരു പ്രാവശ്യം | അധ്യാപകർ | 1000 |
| 3 | | കുട്ടികളെ മികച്ച വായനക്കാരായി വളർത്തിയെടുക്കൽ | V | ക്ലാസ് ലൈബ്രറി | മാസത്തിൽ ഒരു പ്രാവശ്യം | എസ്.ആർ. ജി | 15000 |
| 4 | | കുട്ടികളിൽ നേതൃപാടവം വളർത്തിയെടുക്കൽ | V | ലീഡറാകാം | മാസത്തിൽ ഒരു പ്രാവശ്യം | അധ്യാപകർ | - |
| 5 | | ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | V | ഗണിതലാബ് ഒരുക്കൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | 20000 |
| 6 | | ഒറിഗാമിലൂടെ കുട്ടികളിൽ ഗണിതശേഷികൾ വളർത്തിയെടുക്കൽ | V | ഒറിഗാമി | വർഷത്തിൽ രണ്ടു തവണ | എസ്.ആർ. ജി | 1000 |
| 7 | | കുട്ടികളിൽ യുക്തിചിന്ത മനക്കണക്കുകൾ ഇവയിൽ പ്രാവീണ്യം നേടുന്നതിന് | V | മനക്കണക്ക് പാറ്റേൺ പൂർത്തിയാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | - |
| 8 | | ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | V | സ്കൂൾ പാർലമെന്റ് | വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രവർത്തനം | അധ്യാപകർ, എസ്.ആർ. ജി | - |

ഇംഗ്ലീഷ് ഭാഷ I മുതൽ III വരെ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | പഠനനില കണ്ടെത്തൽ<br>1.പ്രീ.ടെസ്റ്റ്- വിശകലനം മികവുകളുംപരിമിതികളും കണ്ടെത്തൽ | സെപ്തംബർ മുതൽ | ഇംഗ്ലീഷ് ടീച്ചർ | 5000/ |
| | *ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ | |
| | *ഇംഗ്ലീഷ് ഡയറി | ദിവസേന | ക്ലാസ് ടീച്ചർ | |
| | *ഒരു ദിവസം ഒരു ഇംഗ്ലീഷ് പദം | ദിവസേന | ഇംഗ്ലീഷ് ടീച്ചർ | |
| | *എല്ലാ ക്ലാസിലും ഇംഗ്ലീഷ് ബാല സഭ | മാസത്തിൽ | ഇംഗ്ലീഷ് ടീച്ചർ | |
| | *ഇംഗ്ലീഷ് തീയറ്റർ, സ്കിറ്റ്,നാടകം മുതലായവ | ഒക്ടോബർ | SRG | 25000 |
| | *പതിപ്പുകൾ, മാഗസീനുകൾ | നവംബർ' | | 10000 |
| | *ക്ലാസ് ലൈബ്രറി | ഒക്ടോബർ മുതൽ | ക്ലാസ് ടീച്ചർ | 25000 |

മേഖല:അക്കാദമികം

ഹിന്ദി

# മീഠി ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അഞ്ചാം ക്ലാസിലെ മുഴുവൻ കുട്ടികൾ ക്കും ഹിന്ദി വായിക്കാനും എഴുതാനും ഉള്ള ശേഷി വിക സിപ്പിക്കൽ | പഠന നിലവാരം കണ്ടെത്തൽ വിശകലനം | ആഗസ്റ്റ് മുതൽ | അഞ്ചാം ക്ലാസിലെ ഹിന്ദി ടീച്ചർ | - |
| | ഒരു ദിവസം ഒരു ഹിന്ദി പദം | ദിവസേന | അഞ്ചാം ക്ലാസിലെ ഹിന്ദി ടീച്ചർ | - |
| | ഹിന്ദി ലൈബ്രറി | ഒക്ടോബർ മുതൽ | ഒക്ടോബർ മുതൽ | 10000 |
| | ഹിന്ദി സംസാര ക്ലാസ് | ഒക്ടോബർ മുതൽ | ഒക്ടോബർ മുതൽ | 5000 |
| | ഹിന്ദി അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം | ആഴ്ചയിൽ ഒരു ദിവസം | - |

## കായിക പരിശീലന സൗകര്യം-നീന്തൽക്കുളം

### ആമുഖം

നമ്മുടെ നാട് വിവിധ തരം ജലസ്രോതസ്സുകളാൽ സമ്പന്നമാണ്. പണ്ടു കാലത്ത് കുട്ടികൾ അവധിക്കാലം ചെലവാക്കാനിത്തരം ജലാശങ്ങൾ ഉപയോഗിച്ചിരുന്നു.ഇന്ന് കുട്ടികൾക്ക് സൗകര്യങ്ങൾ ലഭ്യമല്ല. അതിനാൽ. വ്യായാമം കുറവാണ്.

ലക്ഷ്യങ്ങൾ

1.സ്കൂളിലെ മുഴുവൻ കുട്ടിയകളെയും നീന്തൽ പഠിപ്പിക്കുക

2.കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുക.

3.കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുക

4.കുട്ടികളെ നീന്തൽ മത്സരങ്ങളിൽ പ്രാപ്തരാക്കുക.

പ്രവർത്തനം

സ്കൂൾ കോമ്പൗിലോ അല്ലെങ്കിൽ അടുത്തുതന്നെയൊ നീന്തൽ ക്കുലം സ്ഥാപിക്കുക. അധ്യാപകരു ടെയോ അല്ലെങ്കിൽ പരിശീലനം ലഭിച്ച രക്ഷിതാക്കളുടെയൊ നേതൃത്വത്തിൽ പരീശീലനം.

സാമ്പത്തികം: 2 ലക്ഷം

കാലയളവ്: ജൂലായ് മുതൽ 6 മാസം

ചുമതല: പി.ടി.എ,അധ്യാപകർ,ജില്ലാ പഞ്ചായത്ത്

വിഷയം:വ്യക്തിത്വ വികാസ മൂല്യങ്ങൾ

| ക്രമനമ്പർ | ലക്ഷ്യ പ്രസ്താവന | പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ | പ്രവർത്തന കാലയളവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|---|
| 1 | കുട്ടികളിൽ ക്ഷമ അച്ചടക്കം ബഹുമാനം തുടങ്ങിയ മൂല്യങ്ങൾ ഉണ്ടാക്കൽ | മഹാന്മാരെ പരിചയപ്പെടുത്തൽ കരാട്ടെ പരിശീലനം | ഗ്രൂപ്പിൽ പുസ്തകങ്ങൾ നല്കുന്നു | ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം | - |
| | | കരാട്ടെ പരിശീലനം | | ആഴ്ചയിൽ രണ്ട് ദിവസം | - |
| 2 | കുട്ടികളിൽ ദയ,അർപ്പണ മനോഭാവം വളർത്തൽ | സഹജീവി സ്നേഹം | ഭിന്നശേഷിക്കാരെ സഹായിക്കൽ, ഗൃഹസന്ദർസന്ദർശനം, പഠനപി ന്തുണ | വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനം | - |
| 3 | കുട്ടികളിൽ ആത്മവിശ്വാസം വലർത്തൽ | മത്സരിക്കാം നമുക്ക് തമ്മിൽ | ക്ലാസുതല മത്സരം പ്രസംഗം,പാട്ട് മുതലായവ | മാസം തോറും | - |

## C.മേഖല: സാമൂഹിക പങ്കാളിത്തം

പി.ടി.എ ശക്തിപ്പെടുത്തൽ

ആമുഖം:

ഒരു വിദ്യാലയത്തെ മികവിന്റെ പാദയിൽ എത്തിക്കുവാൻ ശക്തമായ പി.ടി.എ.ക്കു കഴിയും

ഉദ്ദേശ്യം:

1.പി.ടി.എ.യിലെ പങ്കാളിത്തം വർദ്ധിപ്പിക്കുക

2.സ്കൂളിന്റെ തനത് പ്രവർത്തനങ്ങളിൽ രക്ഷാകർത്താക്കളുടെ ഇടപെടുകൾ ശക്തമാക്കുക.

| ക്രമനമ്പർ | പ്രവർത്തനം | കാലയളവ് | ചുമതല | ധനകാര്യ സ്രോതസ്സ് |
|---|---|---|---|---|
| 1 | ഗൃഹസന്ദർശനം | ജൂൺ അവസാന വാരം | അധ്യാപകർ | – |
| 2 | അവധിദിവസം പി.ടി.എ | ജൂൺ അവസാന ഞായർ | അധ്യാപകർ | – |
| 3 | ബോധവത്കരന ക്ലാസുകൾ | ആഗസ്റ്റ് മുതൽ | ബി.ആർ.സി | 5000/– |
| 4 | രക്ഷിതാക്കൾക്ക് വിവിധ മത്സര പരിപാടികൾ | രണ്ടുമാസത്തിൽ ഒരിക്കൽ | അധ്യാപകർ, പി.ടി.എ | 5000/– |

വിദ്യാലയത്തിന്റെ പേര് :- പാവന്നൂർ. എ.എൽ.പി.
വിഭാഗം : LP
വിഷയം : മലയാളം, ഇംഗ്ലീഷ് ഭാഷ.
ക്ലാസ് :
പദ്ധതിയുടെ പേര് : എല്ലാവരെയും മികച്ച വായനക്കാരൻ ആക്കൽ

ആമുഖം :-

സ്കൂളിലെ മുഴുവൻ കുട്ടികളെയും മികച്ച വായനക്കാരാക്കി മാറ്റുക.

ലക്ഷ്യങ്ങൾ :-

1. അടിസ്ഥാന ഭാഷാശേഷിയില്ലാത്ത ഒരു കുട്ടി പോലും ഇല്ലെന്ന് ഉറപ്പുവരുത്തുക
2. എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുക.
3. എല്ലാ കുട്ടികൾക്കും ആശയവിനിമയശേഷി ഉണ്ടാക്കുക.
4. പഠന വിടവ് ഉണ്ടാകാതിരിക്കാൻ സൂക്ഷ്മതയോടെ (?) വികസിപ്പിക്കുക.
5 രക്ഷിതാക്കളുമായി പുരോഗതി പങ്കുവെക്കുക

പ്രവർത്തനങ്ങൾ :-

1. എല്ലാ പാഠഭാഗങ്ങളെയും മലയാള

ത്തിരുക്കവുമായി സമന്വയിപ്പിക്കൽ
2. പിന്നോക്കക്കാർക്ക് വ്യക്തിഗതപിന്തുണ
3 ചിത്രസഹിതം രചനകൾ
4. സ്വതന്ത്രരചനക്ക് അവസരമൊരുക്കൽ.

## പ്രവർത്തന വിശദാംശങ്ങൾ

ക്ലാസിലെ കുട്ടികളെ അവരുടെ നിലവാരം പരിഗണിക്കാതെ ഗ്രൂപ്പാക്കി തിരിക്കും. ഓരോ ഗ്രൂപ്പിനും ലീഡർ. ലീഡറെ ഇടക്കിടക്ക് മാറ്റും. എല്ലാകുട്ടികൾക്കും അവസരം നൽകും. ഓരോ ഗ്രൂപ്പിനും ചിത്രം നൽകുന്നു. അതിൽ കാണുന്ന കാര്യങ്ങൾ നിരീക്ഷിച്ച് പറയിക്കുന്നു ഗ്രൂപ്പിൽ കാര്യങ്ങൾ പറയിക്കുന്നു. ഇത് പരസ്പരം മാറി വായിപ്പിക്കുന്നു. പ്രയാസമുള്ളവരെ അതേഗ്രൂപ്പിലെ കുട്ടികൾ തന്നെ സഹായിക്കുന്നു പരസ്പര സഹായത്തോടെ കുട്ടികൾ വായിക്കുന്നു. വായനയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ചിത്രവായന ഫലപ്രദമാണ്.

വായനാ സാമഗ്രികൾ

ചിത്രങ്ങൾ, കഥാപുസ്തകങ്ങൾ, പാഠപുസ്തകങ്ങൾ, നോട്ടീസ്, ചിത്രകഥകൾ, വായനാകാർഡ്.

കാലയളവ്

ജൂൺ പകുതിയോടെ പിന്തുണ ആവശ്യമുള്ളവരെ കണ്ടെത്തുന്നു. രക്ഷിതാവിന്റെ സഹായവും തേടുന്നു. ജനുവരി പകുതിവരെ ഈ പ്രവർത്തനം തുടരും.

വിദ്യാലയത്തിന്റെ പേര് :- പാവന്നൂർ. എ.എൽ.പി.
വിഭാഗം : LP
ക്ലാസ് : ഒന്ന് മുതൽ അഞ്ച്‌വരെ
പദ്ധതിയുടെ പേര് : ജൈവവൈവിധ്യ ഉദ്യാനം.

ആമുഖം:- പഞ്ചേന്ദ്രിയാനുഭവങ്ങളിലൂടെ പ്രക്രിയാശേഷികൾ വികസിപ്പിക്കൽ. പ്രൈമറി ക്ലാസുകളിലെ പാഠ്യപദ്ധതി വിനിമയത്തിന് ആവശ്യമായ സസ്യ-ജന്തു വൈവിധ്യങ്ങളും അനുബന്ധസംവിധാനങ്ങളും സ്കൂൾ പരിസരത്ത് ഒരുക്കുക.

ലക്ഷ്യങ്ങൾ

1. ഓരോ കുട്ടിക്കും പഠനനേട്ടം ഉറപ്പാക്കാൻ ആവശ്യമായ പഠനവസ്തുക്കൾ പരിസരത്തു നിന്നും ലഭ്യമാക്കുക.
2. കുട്ടികൾക്ക് നേരിട്ടുള്ള അനുഭവം ലഭ്യമാക്കുക.
3. പ്രകൃതിയെ സ്വയം പഠിക്കുന്നതിന് ഉപയോഗപ്പെടുത്താനുള്ള കഴിവുണ്ടാക്കുക.
4. പരിസ്ഥിതി സംരക്ഷണ പ്രവർത്തനത്തിൽ

ഓരോ കുട്ടിയെയും ഉറപ്പാക്കുക.

5. 150 ഓളം സസ്യങ്ങൾ നട്ടുനനച്ചു വസന്തമൊരുക്കുക.

ഉദാ:- വിവിധതരം ഭക്ഷ്യ ഔഷധ സസ്യങ്ങൾ പൂച്ചെടികൾ, പച്ചക്കറികൾ, ഫലവൃക്ഷങ്ങൾ.

| No | കർമ്മപദ്ധതി പ്രവർത്തനം | പ്രവർത്തന സൂചകങ്ങൾ | കാലയളവ് |
| --- | --- | --- | --- |
| 1 | ഗ്രൂപ്പിങ്ങ് ഗ്രിഡ്. | ഓരോ ക്ലാസ്സും ഗ്രൂപ്പിങ്ങിനെ അടിസ്ഥാനപ്പെടുത്തി. | ജൂൺ അവസാനവാരം. |
| 2 | ജൈവവൈവിധ്യ ലിസ്റ്റ് | ഓരോ ക്ലാസിലും പരിസരത്തെ സസ്യങ്ങളുടെ പേര് ലിസ്റ്റ് ചെയ്യുന്നു. നടുന്നു. | ജൂലായ് മാസം |

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിക്കുന്ന ചിലവ് | സാമ്പത്തിക സ്രോതസ്സ് | ചുമതല |
| --- | --- | --- | --- | --- | --- |
| വായനാമൂല സജ്ജീവമാക്കൽ | സ്കൂളിൽ വായനാമൂലയില്ല. പ്രത്യേകം മുറിയൊരുക്കി പുസ്തകങ്ങൾ ക്രമത്തിൽ അടുക്കിവെച്ച് ലൈബ്രറി വികസനം, അമ്മവായന, വായനാക്ലബ്ബ് സജ്ജീവമാക്കൽ. | 6 മാസം | 10000 | SSG, പൂർവ്വ വിദ്യാർത്ഥികൾ | അധ്യാപകർ |
| ചുറ്റുമതിൽ, ഗേറ്റ് നിർമ്മാണം | സ്കൂളിന് മുൻവശം റോഡായതിനാൽ വളരെയധികം സുരക്ഷാ പ്രശ്നങ്ങളുണ്ട്. സുരക്ഷ കണക്കിലെടുത്ത് ചുറ്റുമതിൽ അത്യാവശ്യ | 1 വർഷം | 3 ലക്ഷം | പിടിഎ, മനേജർ | പിടിഎ. |

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് | പ്രതിബന്ധങ്ങൾ | സാമ്പത്തിക സ്രോതസ് | ചുമതല |
|---|---|---|---|---|---|
| പിന്നോക്കക്കാർക്ക് പരിശീലനം. | ഓരോ ക്ലാസിലേയും വിഷമം നേരിടുന്ന കുട്ടികളെ കണ്ടുപിടിച്ച്. ആ കുട്ടികളുടെ രക്ഷിതാക്കളുമായി പഠനപ്രശ്നങ്ങൾ ചർച്ച ചെയ്തു. തുടർന്ന് എല്ലാ ശനിയാഴ്ചകളിലും ഈ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകാൻ തീരുമാനിച്ചു. ഓരോ ആഴ്ചയും ഓരോ അധ്യാപകർക്ക് ചുമതല നൽകി. | 6 മാസം | — | — | അധ്യാപകർ |

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് | പ്രതീക്ഷിക്കുന്ന ചിലവ് | സാമ്പത്തിക സ്രോതസ്സ് | ചുമതല. |
|---|---|---|---|---|---|
| പച്ചക്കറികൃഷി | സ്കൂളിൽ കുട്ടികളുടെ പങ്കാളിത്തത്തോടെ വിപുലമായ പച്ചക്കറികൃഷി ഈ വർഷം നടപ്പാക്കാൻ തീരുമാനിച്ചു. അതിന് വേണ്ടി ഓരോരുത്തർക്കും പ്രത്യേകം ചുമതലകളും നൽകി. സ്കൂൾ പറമ്പത്തും വയലിലും മഴ നിന്നാൽ പ്രവർത്തനം തുടങ്ങാൻ തീരുമാനിച്ചു. | 3 മാസം | 2000/- | പി.ടി.എ. | അധ്യാപകർ പി.ടി.എ |